പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2781 06/02/2018-ലെ മറുപടി

കേരള വാട്ടർ അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി | മാത്യൂ ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

എ) നിലവിൽ വാട്ടർ അതോറിറ്റിയുടെ ശരാശരി പ്രതിമാസ വരുമാനം, ചെലവ്, നഷ്ടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

എ)

| ഏകദേശ പ്രതിമാസ വരവ് | രൂപ (കോടിയിൽ) |
|---|---|
| വെള്ളക്കരത്തിൽ നിന്നുള്ള വരുമാനവും മറ്റ് വരുമാനവും | 46.57 |
| കേരള സർക്കാർ പദ്ധതിയേതര വിഹിതം | 26.02 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതവും മറ്റു വരുമാനവും | 1.98 |
| ആകെ വരവ് (A) | 74.57 |

| ഏകദേശ പ്രതിമാസ ചെലവ് | രൂപ (കോടിയിൽ) |
|---|---|
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.50 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി.യും മറ്റു പെൻഷൻ ആനുകൂല്യങ്ങളും | 8.17 |
| വൈദ്യുതി ചെലവ് | 23.70 |
| അറ്റകുറ്റപണികളുടെ ചെലവ് | 8.00 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പലിശയും | 4.00 |
| ആകെ ചെലവ് (B) | 106.37 |
| കമ്മി (A-B) | 31.80 |

ബി) വാട്ടർ അതോറിറ്റി ഏതെല്ലാം സംസ്ഥാന, അന്തർ സംസ്ഥാന, വിദേശ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട്; ആയതിൽ ഓരോ സ്ഥാപനത്തിനും എത്ര കോടി രൂപ അടച്ചു തീർക്കാനുണ്ട്; വ്യക്തമാക്കുമോ;

ബി) 1. വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന് ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ (ജൈക്ക)യിൽ നിന്നും വിദേശ വായ്പ ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ഇതു വരെ 2216.74 കോടി രൂപ വായ്പ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത് .

2. പി.എച്ച്.ഇ.ഡി. ആയിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന എൽ.ഐ.സി. വായ്പാ തുകയായ 32.82 കോടി രൂപ 1984 ൽ വാട്ടർ അതോറിറ്റിയായി രൂപികൃതമായപ്പോൾ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് പല വർഷങ്ങളായി പല പദ്ധതികൾക്കായി 2002-03 സാമ്പത്തിക വർഷം വരെ വായ്പയെടുക്കുകയും ഇവ യഥാസമയം തിരിച്ചടച്ചുവരികയും ചെയ്യുന്നു. 31.3.2003 വരെയുള്ള വായ്പാ കുടിശ്ശിക 230.43 കോടി രൂപയാണ്. അതിന് ശേഷം വാട്ടർ അതോറിറ്റി നാളിതു വരെ എൽ.ഐ.സി.യിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല. അതേ സമയം

കൃത്യമായ ഇടവേളകളിൽ പലിശ സഹിതം തിരിച്ചടച്ചുവരുന്നു. എൽ.ഐ.സി.യിൽ നിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി എടുത്ത വായ്പയിൽ നിന്നും ഇനി ഒടുക്കാനുള്ള തുക 61.04 കോടി രൂപയാണ്. (31.12.2017) ലെ കണക്കനുസരിച്ച്)

| | | |
|---|---|---|
| സി) നിലവിൽ വൈദ്യുതി ബോർഡിനും കരാറുകാർക്കും നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; | സി) | 30.9.2017 വരെ പലിശ, പിഴപ്പലിശ എന്നിവ ഒഴികെ 789.62 കോടി രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ട്. വിവിധ പദ്ധതികൾക്കായി (State Plan, NABARD, NRDWP) 31.12.2017 വരെ 351.50 കോടി രൂപയുടെ ബില്ലുകൾ കൊടുത്തുതീർക്കുവാനുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ നടത്തിയ വകയിൽ 01.01.2017 മുതൽ 31.12.2017 വരെ 73.96 കോടി രൂപ നൽകുവാനുണ്ട്. |
| ഡി) വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നാളിതുവരെ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; | ഡി) | വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കര കുടിശ്ശികയിനത്തിൽ 12/2017 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ഏകദേശം 1388.16 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ്ജ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക താരതമ്യേന കുറവാണ്. |
| ഇ) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥർ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും നൽകുകയും കുടിശ്ശിക അടയ്ക്കാഞ്ഞാൽ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും കുടിശ്ശിക അടയ്ക്കാഞ്ഞാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| എഫ്) കഴിഞ്ഞ 10 വർഷത്തി നുള്ളിൽ നാളിതു വരെ വെള്ളക്കരം ഒടുക്കാത്തതും വാട്ടർ കണക്ഷൻ മറച്ചുവച്ച് വെള്ളം ഉപയോഗിക്കുന്നവരു മായ വാട്ടർ അതോറിറ്റിയിലെ എത്ര ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചി ട്ടുണ്ട്; ഇത്തരം ഉദ്യോഗസ്ഥ രിൽ നിന്നും പിഴയിനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ? | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ